HGH INDIA® 2022
HOME DECOR ▪▪▪ GIFTS ▪▪▪ HOUSEWARE
July 12-15, 2022
INDIA EXPO CENTRE, GREATER NOIDA, DELHI NCR

NEWS 2

A TEXZONE Event
www.hghindia.com

Where business feels at home!

# പരിധിയില്ലാത്ത പുതുമകൾ


സ്പിൻ ഡെക്കോർ


ബെലാജിയോ


യുണൈറ്റഡ് എക്ത


ബോഹ്റാ മാർക്കറ്റിംഗ്


എക്സൽ വോൾകവറിംഗ്


ആഢ്യം ഹാന്റ്വൂവൻ

ഉല്പന്നങ്ങൾ, ഡിസൈനുകൾ, നിറങ്ങൾ, വസ്തുക്കൾ എന്നിവയിൽ പരിമിതികളില്ലാത്ത പുതുമകൾ! ഹോം ടെക്സ്റ്റൈൽസ്, ഹോം ഡികൊർ, ഹോം ഫർണിച്ചർ, ഏരിയ റഗ്ഗുകൾ, ഫ്ലോർ കവറിംഗുകൾ, ഹാൻഡിക്രാഫ്റ്റ്സ്, ഔട്ട്ഡോർ,ഹൗസ് വെയർ, കുക്ക് വെയർ, കിച്ചൺ വെയർ, ഗിഫ്റ്റുകൾ എന്നീ വിഭാഗങ്ങളിലേക്കുള്ള കുറുക്കുവഴി. എച്ച് ജി എച്ച് ഇന്ത്യ 2022, പതിനൊന്നാമത് പതിപ്പ് നിരവധി പുതിയ ആശയങ്ങൾ അനാവരണം ചെയ്യും, ഇത് ബിസിനസിന് പുതിയ ദിശാബോധം നൽകുന്നു.

മുൻനിര ഡിസൈനർമാർ, കയറ്റുമതിക്കാർ, അന്തർദേശീയ വിതരണക്കാർ, പ്രമുഖ ഉല്പാദന കേന്ദ്രങ്ങളിൽ നിന്നുള്ള ഉയർന്ന വൈദഗ്ധ്യമുള്ള നിർമാതാക്കൾ എന്നിവരുടെ പങ്കാളിത്തത്തോടെ മികച്ച രീതിയിൽ ഹോം ഫാഷൻ ട്രെൻഡുകൾ അവതരിപ്പിക്കപ്പെടുന്ന എച്ച് ജി എച്ച് ഇന്ത്യ 2022 പുതിയ സ്രോതസ്സുകളും പുതിയ മെറ്റീരിയലുകളും കണ്ടെത്താനുള്ള ഒരു പര്യടനമായിരിക്കുമെന്ന് ഉറപ്പുനൽകുന്നു.

100-ലധികം പുതിയ പ്രദർശകർ എച്ച് ജി എച്ച് ഇന്ത്യയിൽ ആദ്യമായി തങ്ങളുടെ ശ്രേണി അവതരിപ്പിക്കും, കൂടാതെ 300 പതിവു പ്രദർശകർ വരാനിരിക്കുന്ന ദീപാവലി, ഉത്സവ സീസണുകൾക്കായി അവരുടെ പുതിയ ശേഖരങ്ങൾ പുറത്തിറക്കുന്നു, സന്ദർശകർക്ക് സോഴ്സിംഗിൽ പുതുമകളുടെയും സുസ്ഥിരതയുടെയും നല്ലൊരു സംയോജനം അനുഭവപ്പെടും.

മുൻനിര ഫർണിഷിംഗ് ഫാബ്രിക്സ്, ഹോം ടെക്സ്റ്റൈൽ ബ്രാൻഡുകൾ പ്രശസ്ത ഡിസൈനർമാരുമായി ബന്ധപ്പെട്ടിരിക്കുന്നു അല്ലെങ്കിൽ അംഗീകൃതമായ അന്താരാഷ്ട്ര ബ്രാൻഡുകളിൽ നിന്ന് ലൈസൻസ് നേടിയിരിക്കുന്നു. സുനീത് വർമ ഡികൊറും റൂമേഴ്സും, ഋതു കുമാർ ഹോമും എഫ് ആൻഡ് എഫും, നോട്ടിക്കയും ബിയാങ്കയും, ടോയിൽ ഇൻഡീനും എക്സൽ വാൾപേപ്പേഴ്സും തുടങ്ങിയ കൂട്ടുകെട്ടുകൾ വികസിപ്പിച്ച ശേഖരങ്ങൾ എച്ച് ജി എച്ച് ഇന്ത്യ 2022-ൽ അവതരിപ്പിക്കും. ചില്ലറവ്യാപാരികൾക്ക് അത്തരം പ്രീമിയം ഡിസൈനർ ലേബലുകളും ഹോം ടെക്സ്റ്റൈൽസ്, ഫർണിഷിംഗ്, ഡികൊർ എന്നിവയുടെ ബ്രാൻഡുകളും സ്വന്തം സ്റ്റോർ പ്രൊഫൈലിലേക്ക് ചേർക്കുന്നതിന് അവർ സവിശേഷമായ ബിസിനസ്സ് അവസരം നൽകും. കൂടാതെ, റൂമേഴ്സ്, എഫ് ആൻഡ് എഫ്, ജയ് ദുർഗ, ഹരിത് ഇൻഡസ്ട്രീസ്, ആശാദീപ് ഫർണിഷിംഗ്, മാർവിൻ ലെതേഴ്സ്, ക്ലാസിക് ലാമിറ്റെക്സ്, ടോപ്‌ലൈൻ പോലുള്ള സുസ്ഥിരതയുള്ള ഫർണിഷിംഗ് ഫാബ്രിക്സ്, അപ്ഹോൾസ്റ്ററി, ലെതർ, ലെതറെറ്റ് സ്ഥാപനങ്ങൾ ചില്ലറ വ്യാപാരികൾക്കായി അവരുടെ പുതിയ ശേഖരങ്ങൾ പ്രദർശിപ്പിക്കും. മാർഷൽസ്, എക്സൽ ഹോം ഡികൊർ, വിസ്ഡം തുടങ്ങിയ വാൾപേപ്പർ ബ്രാൻഡുകളും അവരുടെ ഏറ്റവും പുതിയ ഓഫറുകൾ കൊണ്ടുവരും.

കിടക്ക, കുളി, അലങ്കാര നിർമിതികളിൽ സന്ദർശകർക്ക് ഉന്മേഷദായകമായ ഒരു പുതിയ ശ്രേണി അനുഭവവേദ്യമാക്കാൻ കഴിയും. ബോട്ടിക് ലിവിംഗ്, ലെയേഴ്സ്, സ്പ്രെഡ് ഹോം, പാനോ, പ്രീമിയർ ഫൈൻ ലിനൻ, കെ.ജി. ലിനൻ, ബിയാങ്ക, ബെല്ലാജിയോ, ബെല്ല കാസ, ലക്കാസ എന്നിവ വൈവിധ്യമാർന്ന തുണിത്തരങ്ങൾ, ഫിനിഷുകൾ, ഡിസൈനുകൾ, പ്രിന്റുകൾ, ശൈലികൾ എന്നിവ കൊണ്ടുവരും. ഒബ്സഷൻസ്, ഫ്രെഷനോ തുടങ്ങിയ ബ്രാൻഡുകൾ അവരുടെ ഏറ്റവും പുതിയ റഗ്ഗുകൾ, ബാത്ത് ആക്സസറികൾ, ബാത്ത് മാറ്റുകൾ, ഡസ്റ്റ് ബിന്നുകൾ എന്നിവ അവതരിപ്പിക്കും.

വീവ് ക്രാഫ്റ്റ്, സുപ്രീം ഇൻഡസ്ട്രീസ്, സ്പ്രെഡ് ഹോം, ക്രിസ്റ്റൽ ഫർണിടെക്, നൊളാറാം തുടങ്ങിയ ബ്രാൻഡുകൾ ആദ്യമായി വിപുലമായ ശ്രേണിയിലുള്ള ഔട്ട്ഡോർ-ഇൻഡോർ ഫർണിച്ചറുകൾ, ചെറിയ ഫർണിച്ചറുകൾ, കുട്ടികൾക്കു വേണ്ടിയുള്ള ഫർണിച്ചറുകൾ, ഗാർഹികോപയോഗ ഇനങ്ങൾ എന്നിവ അവതരിപ്പിക്കും. ഉപഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റാൻ ചില്ലറ വ്യാപാരികൾക്ക് ഇപ്പോൾ ഇവ കൂടുതലായി ആവശ്യമുണ്ട്.

നൂതന വാൾപേപ്പർ, ബ്ലൈന്റുകൾ, വിൻഡോ ഓട്ടോമേഷൻ, വാൾ ആൻഡ് ടേബിൾ ഡികൊർ, മോഡേൺ ലൈഫ്സ്റ്റൈൽ, ഡെക്കറേറ്റീവ് ആക്സസറികൾ, വുഡൻ ആൻഡ് സിന്തറ്റിക് ഫ്ലോർ കവറിംഗ്സ്, ബെഡ് ആൻഡ് ബാത്ത് ലിനൻ, വിവിധ രാജ്യങ്ങളിൽ നിന്നുള്ള അലങ്കാര നിർമിതികൾ എന്നിവ നിരവധി ഇന്ത്യൻ ഇറക്കുമതിക്കാർ ഓഫർ ചെയ്യുന്നു.

ഇന്ത്യയിൽ നിന്ന്, സമകാലികവും പരമ്പരാഗതവുമായ ഗാർഹിക തുണിത്തരങ്ങൾ; കരകൗശലവസ്തുക്കളടക്കമുള്ള അലങ്കാര നിർമിതികൾ; പരവതാനികൾ; കുഷ്യനുള്ള ഫർണിച്ചറുകൾ; ചൂരൽ-മുള ഉല്പന്നങ്ങൾ; ലോഹം, മരം, സെറാമിക്, ഗ്ലാസ്, കയർ, ചണം, പുനരുല്പാദനം നടത്തിയ വസ്തുക്കൾ എന്നിവയിലുള്ള അലങ്കാര സാധനങ്ങൾ; പ്രകൃതിദത്തവും മനുഷ്യനിർമിതവുമായ പലതരം വസ്തുക്കൾ എന്നിവയുടെ താത്പര്യജനകമായ ശേഖരം ജോധ്പൂർ, ജയ്പൂർ, മൊറാദാബാദ്, ഫിറോസാബാദ്, ഖുർജ, സഹാറൻപൂർ, ആഗ്ര, ബദോഹി, ജമ്മു ആൻഡ് കശ്മീർ എന്നിവിടങ്ങളിലെ പ്രശസ്തമായ ഉല്പാദന കേന്ദ്രങ്ങളിൽ നിന്നും മറ്റനവധി പ്രത്യേക കേന്ദ്രങ്ങളിൽ നിന്നുമുള്ള നൂറുകണക്കിന് നിർമാതാക്കൾ പ്രദർശിപ്പിക്കും.

ലഘുവ്യാപാരം, സ്ഥാപനങ്ങൾ, അതുപോലെത്തന്നെ കോർപറേറ്റ് ഗിഫ്റ്റിംഗ് മാർക്കറ്റുകൾ എന്നിവയ്ക്കായി ഹൗസ് വെയർ വിഭാഗത്തിലെ നിരവധി പ്രമുഖ ബ്രാൻഡുകൾ അവരുടെ പുതിയ ശേഖരങ്ങൾ പ്രദർശിപ്പിക്കും. ഉദാഹരണത്തിന്, സ്റ്റോറേജ് ആൻഡ് ഹൗസ്‌വെയർ വിഭാഗത്തിലുള്ള സെല്ലോ, സിഗ്നോറവെയർ, റോക്സ്, ജെയ്പീ, ഏഷ്യൻ, ഫ്രീലാൻസ്, ഹെയേഴ്സ്, പ്ലേസ്റോ, പിപാൽ, ഹെറെവിൻ, ബോൺജൂർ; കുക്ക്‌വെയർ വിഭാഗത്തിലുള്ള ഹോക്കിൻസ്, വിനോദ്, യുണൈറ്റഡ് ഏക്ത, ഭലാരിയ, സ്ഥാൽ, മഹാരാജ, ഒ കെ, മേയർ; കിച്ചൺവെയർ വിഭാഗത്തിലുള്ള ഗ്രെസി, രത്ന, റാംസൺസ്; ടേബിൾവെയർ വിഭാഗത്തിലുള്ള എഫ് എൻ എസ്, റാംസൺ, കോറെല്ലെ, നാച്ച്മാൻ, ക്ലേ ക്രാഫ്റ്റ്, ലുമിനാർക്ക്, പസാബാഹ്സെ, ഇവിയോ, സോനകി, സൂപ്പർവെയർ, ഡൈൻവെൽ; നിരവധി ഹൗസ്‌വെയർ വിഭാഗങ്ങളിൽ നിന്നുള്ള മറ്റനവധി ഇറക്കുമതിക്കാർ, ബ്രാൻഡുകൾ, നിർമാതാക്കൾ എന്നിവർ ദേശീയവും അന്തർദേശീയവുമായ ശേഖരവുമായി വിശാലമായ സോഴ്സിംഗ് സാദ്ധ്യതകൾ തുറന്നിടുന്നു.

അസാധാരണമായ ഉല്പന്നങ്ങൾക്കായുള്ള പ്രതീക്ഷയിൽ മത്സരത്തിന്റെ മുന്നിൽ നിൽക്കേണ്ടതുണ്ട്. ഇന്ത്യയിലെ 500-ലധികം നഗര-പട്ടണങ്ങളിൽനിന്നും അതുപോലെത്തന്നെ മറ്റ് 24 രാജ്യങ്ങളിൽ നിന്നുമുള്ള ആയിരക്കണക്കിന് ചില്ലറ വ്യാപാരികൾ, വിതരണക്കാർ, മൊത്തക്കച്ചവടക്കാർ, ഗിഫ്റ്റ് സപ്ലയേഴ്സ്, സ്ഥാപനങ്ങൾക്കായും വ്യാപാരത്തിനായും വാങ്ങലുകൾ നടത്തുന്നവർ, ഇതിനകം തങ്ങളുടെ രജിസ്ട്രേഷൻ നടത്തി സന്ദർശനം ഉറപ്പുവരുത്തിയിട്ടുണ്ട്. നിങ്ങളോ?

ഇന്നോവേഷൻ ■ ട്രെൻഡ്സ് ■ ഉൽപന്നങ്ങൾ ■ സ്രോതസ്സുകൾ ■ അവസരങ്ങൾ

# എച്ച് ജി എച്ച് ഇന്ത്യ 22-ലെ ഫർണിഷിംഗ് വെയർ ഡിസൈനർ ലുക്ക്

ഇന്ത്യയിലെ അറിയപ്പെടുന്ന ഫാഷൻ ഡിസൈനർമാരായ ഋതു കുമാറും സുനീത് വർമയും വീടിനെ ഊർജസ്വലവും ഉയർന്ന ഫാഷൻ വിഭാഗവുമാക്കി മാറ്റുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.



ഫർണിഷിംഗ് ഫാബ്രിക്കുകൾ മുതൽ ബെഡ് കവറുകൾ, കുഷ്യൻ കവറുകൾ, കർട്ടനുകൾ, ടേബിൾ ആൻഡ് കിച്ചൺ ലിനൻ, ടേബിൾവെയർ, ഡെക്കറേറ്റീവ് ആക്സസറികൾ – എല്ലാം ഭംഗിയായി അവതരിപ്പിക്കുന്നു – കോർഡിനേറ്റഡ് കളർ, ഡിസൈൻ, മെറ്റീരിയൽസ് സ്റ്റോറി വരെ മുഴുവൻ സ്വീകരണമുറിക്കും കിടപ്പുമുറിക്കും ഡൈനിംഗ് റൂമിനും പൂർണമായി ഇണങ്ങുന്നതും ഡിസൈനർ ലുക്കുള്ളതുമായ ഭാവം നൽകുന്നു.

ഇന്ത്യൻ ഉപഭോക്താക്കൾ തങ്ങളുടെ നല്ല അഭിരുചിയും നല്ല ഡിസൈനുകളോട് സംവേദനക്ഷമതയും പ്രകടിപ്പിക്കുന്നതിൽ കൂടുതൽ ബോധവാന്മാരാകുന്നതോടെ, ഫർണിഷിംഗ് ഫാബ്രിക്സ്, ഹോം ടെക്സ്റ്റൈൽസ്, അലങ്കാര വസ്തുക്കൾ, ഗൃഹോപകരണങ്ങൾ തുടങ്ങിയ ഉല്പന്നങ്ങൾ വാങ്ങുന്നതിനുള്ള അവരുടെ സമീപനം പ്രവർത്തനപരമായ വാങ്ങലിൽ നിന്ന് അവരുടെ വീടുകൾ മോടിപിടിപ്പിക്കുന്നതിലേക്ക് മാറുകയാണ്. വികസിത ലോകത്തെന്നപോലെ, ഫാഷൻ ഡിസൈനർമാർ ഈ ഉല്പന്നങ്ങളെയെല്ലാം പ്രവർത്തനക്ഷമമായ സാധനങ്ങളിൽ നിന്ന് നന്നായി രൂപകല്പന ചെയ്ത, വീട്ടുടമസ്ഥന്റെ വ്യക്തിത്വത്തെയും അഭിരുചിയെയും പ്രതിഫലിപ്പിക്കുന്ന നിലയിലേക്ക് മാറ്റുന്നതിൽ കൂടുതൽ പ്രധാന പങ്ക് വഹിക്കുന്നു.

ഋതു കുമാർ, സുനീത് വർമ തുടങ്ങിയ പ്രശസ്ത ഫാഷൻ ഡിസൈനർമാർ അരങ്ങേറ്റം കുറിക്കുന്നതിലൂടെ എച്ച് ജി എച്ച് ഇന്ത്യ 2022 ഈ ദിശയിൽ ഒരു നല്ല തുടക്കത്തിന് സാക്ഷ്യം വഹിക്കും. ഡൽഹിയിൽ നിന്നുള്ള പ്രമുഖ ഹോം ഫർണിഷിംഗ് ആൻഡ് ഡികൊർ ബ്രാൻഡായ എഫ് ആൻഡ് എഫുമായി ഋതു കുമാർ കൈകോർത്തിട്ടുണ്ട്.

ഫർണിഷിംഗ് ഫാബ്രിക്കുകൾ, വാൾ പേപ്പർ, ഡെക്കറേറ്റീവ് മേഡ്-അപ്സ് പോലുള്ള ബെഡ് കവറുകൾ, കുഷ്യൻ കവറുകൾ, മെഴുകുതിരി സ്റ്റാൻഡ് പോലുള്ള അലങ്കാര സാധനങ്ങളിലേക്കുള്ള വിരിപ്പുകൾ, ഡിന്നർവെയർ, കട്ട്ലറി, ഗ്ലാസ്വെയർ പോലുള്ള ടേബിൾവെയറിലേക്കുള്ള സുഗന്ധങ്ങൾ വരെ പൂർണമായി ഏകോപിപ്പിച്ച ഡിസൈനർ ശേഖരങ്ങൾ ഋതു കുമാർ ഹോം പ്രദർശിപ്പിക്കും. എല്ലാം പരസ്പര പൂരകങ്ങൾ. എഫ് ആൻഡ് എഫിന്റെ ശക്തമായ വിതരണവും വിപണന ശക്തിയും താങ്ങാനാവുന്ന വിലയും മൂലം, ഈ തുടക്കം ഹോം വിഭാഗത്തിലെ ഡിസൈനർമാർ, ബ്രാൻഡുകൾ, റീട്ടെയ്ലർമാർ എന്നിവർ തമ്മിലുള്ള ബന്ധത്തിൽ വിപ്ലവം സൃഷ്ടിക്കും.

സുനീത് വർമ ഈ മേഖലയിലുള്ള തന്റെ യാത്ര ആരംഭിച്ചത്, ബെംഗളൂരുവിൽ നിന്നുള്ള റൂമേഴ്സുമായി ചേർന്നുകൊണ്ട് പ്രത്യേകമായ രൂപകല്പനയോടെ നിർമിക്കപ്പെട്ട സുനീത് വർമ ഡികൊർ ഫർണിഷിംഗ് ഫാബ്രിക് ശേഖരം പുറത്തിറക്കിക്കൊണ്ടാണ്. പടിപടിയായി ഉയർന്ന പ്ലാന്റ് ഉപയോഗിച്ച് എല്ലാ നാരുകളിലുടനീളം ഉന്നത നിലവാരമുള്ള ഫർണിച്ചർ തുണിത്തരങ്ങൾ നിർമിക്കുന്നതിലും കയറ്റുമതി ചെയ്യുന്നതിലും റൂമേഴ്സിന് ദീർഘകാല അനുഭവമുണ്ട്, ഇത് ഏറ്റവും സങ്കീർണവും ക്രിയാത്മകവുമായ ഡിസൈനുകൾ നിർമിക്കുന്നത് സാധ്യമാക്കുന്നു. സംയുക്ത സംരംഭ ശക്തികളായ സുനീത് വർമയും റൂമേഴ്സും ചേർന്ന് പുതിയ ഫർണിഷിംഗ് ഫാബ്രിക്കുകൾ അവതരിപ്പിക്കും. ജൂലൈ 12-ന് വൈകുന്നേരം നെറ്റ്വർക്കിംഗ് കോക്ക്ടെയിൽ ആൻഡ് ഡിന്നർ വേളയിൽ എച്ച് ജി എച്ച് ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ഫാഷൻ ഷോയിലൂടെ സുനീത് വർമ അലങ്കാര ശേഖരം അവതരിപ്പിക്കും, അവിടെ തിരഞ്ഞെടുത്ത റീട്ടെയ്ലർമാർക്ക് മാത്രമായിരിക്കും പ്രവേശനം അനുവദിക്കുക.

---

## ഇന്ത്യൻ ഹെറിറ്റേജ്

ഹാൻഡിക്രാഫ്റ്റ്സ് | ഖാദി | കയർ | ജ്യൂട്ട്





ഡിസൈനർമാർ, ചില്ലറ വ്യാപാരികൾ, ബ്രാൻഡുകൾ; കൂടാതെ വീട്ടാവശ്യത്തിനുള്ള തുണികൾ, ഗൃഹാലങ്കാരങ്ങൾ, പരവതാനികൾ, ഫർണിച്ചറുകൾ, വീട്ടുപകരണങ്ങൾ, സമ്മാന ഉല്പന്നങ്ങൾ എന്നിവയിൽ തനതായ ഡിസൈനുകളും മെറ്റീരിയലുകളും തിരയുന്നവർ എന്നിങ്ങനെ എല്ലാവർക്കും ഇന്ത്യയുടെ കരകൗശലം, കൈത്തറി, ഖാദി, ചണം, കയർ, മുള തുടങ്ങിയ മേഖലകൾ ഒരു അമൂല്യനിധിശേഖരമാണ്. ഇന്ത്യൻ കരകൗശല വിദഗ്ധരുടെയും നെയ്ത്തുകാരുടെയും ഒരിക്കലും ഒടുങ്ങാത്ത കഴിവ്, മേല്പറഞ്ഞ വിഭാഗങ്ങളിലെ ഇന്ത്യൻ ലഘു വ്യാപാരികൾ വളരെ സൂക്ഷ്മനിരീക്ഷണം നടത്തുകയും അവരുടെ ഭാവനയ്ക്കനുസരിച്ചുള്ള മൂല്യവത്തായ ശേഖരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വലിയ അവസരം നൽകുകയും ചെയ്യുന്നു.

എച്ച് ജി എച്ച് ഇന്ത്യ 2018 മുതൽ ഇന്ത്യൻ ഹെറിറ്റേജ് എന്ന ബ്രാൻഡിന് കീഴിൽ ഈ സമ്പന്നമായ പൈതൃക ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഇന്ത്യയിലുടനീളമുള്ള 500-ലധികം നഗര-പട്ടണങ്ങളിലെ റീട്ടെയ്ലർമാർ, ഇന്റീരിയർ ഡിസൈനർമാർ, സ്ഥാപനങ്ങൾക്കായി വാങ്ങലുകൾ നടത്തുന്നവർ എന്നിവരുമായി ചേർന്ന് ഇന്ത്യൻ കരകൗശല വിദഗ്ധരെ സഹായിക്കുകയും ചെയ്യുന്നു. വ്യക്തിഗത കമ്പനികൾ, അസോസിയേഷനുകൾ, കയറ്റുമതി പ്രൊമോഷൻ കൗൺസിലുകൾ, സർക്കാർ ഏജൻസികൾ, വികസന ബോർഡുകൾ എന്നിവയിൽ നിന്നുള്ള പങ്കാളിത്തം ഇന്ത്യൻ പൈതൃകത്തിൽ ഉൾപ്പെടുന്നു. തീം പവലിയനിലൂടെയും ട്രെൻഡ് പവലിയനിലൂടെയും ഈ ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ, എച്ച് ജി എച്ച് ഇന്ത്യ സ്പോൺസർ ചെയ്യുന്ന ഇന്ത്യൻ ഹെറിറ്റേജ് പവലിയനിൽ മരംകൊത്തുപണി, ഹസ്തചിത്രരചന, ലോഹ കൊത്തുപണി, മൺപാത്ര നിർമാണം, എംബ്രോയ്ഡറി, പരവതാനി നെയ്ത്ത് എന്നീ ഇനങ്ങളിലുള്ള കരകൗശല കഴിവുകൾ വ്യക്തമാക്കുന്ന ദേശീയ അവാർഡ് ജേതാക്കളുടെ തത്സമയ പ്രകടനം ഒരുക്കുന്നു. ഈ കലയ്ക്കു വേണ്ടതായ സങ്കീർണതയും സൂക്ഷ്മതയും മനസ്സിലാക്കാൻ ഇത് സന്ദർശകരെ സഹായിക്കുന്നു.

ടെക്സ്റ്റൈൽ മന്ത്രാലയം, എം എസ് എം ഇ മന്ത്രാലയം, ഇന്ത്യാ ഗവൺമെന്റ്, ഡെവലപ്മെന്റ് കമ്മീഷണർ ഹാൻഡിക്രാഫ്റ്റ്സ്, ഡെവലപ്മെന്റ് കമ്മീഷണർ ഹാൻഡ്ലൂം; ഇ പി സി എച്ച്, എൻ ഡി സി, എൻ ഇ സി ടി എ ആർ, എൻ എച്ച് ഡി സി, ഇ യു പി ഇ എ, ഐ ഐ സി ടി, എ പി എച്ച് ഡി സി, നാഷണൽ ജ്യൂട്ട് ബോർഡ് ആൻഡ് കയർ ബോർഡ് തുടങ്ങിയ സംഘടനകൾ എന്നിവയുടെ വിപുലമായ പിന്തുണയോടെ അവരുടെ അംഗങ്ങളിലൂടെയും ചെറുകിട-ഇടത്തരം സംരംഭകരിലൂടെയും ഇന്ത്യൻ പൈതൃക കലകളുടെയും കരകൗശലങ്ങളുടെയും മറഞ്ഞിരിക്കുന്ന നിധി എച്ച് ജി എച്ച് ഇന്ത്യ 2022 വെളിപ്പെടുത്തുന്നു.

**വാൾസ് ആൻഡ് വിൻഡോസ് | ഡെക്കറേറ്റീവ് മെയ്ഡ്-അപ്സ് | ഫർണിഷിംഗ് ഫാബ്രിക്സ്**

# ഋതു കുമാർ, എഫ് ആൻഡ് എഫ് കൂട്ടുകെട്ട്







**എന്തുകൊണ്ടാണ് ഋതു കുമാർ ഹോം എന്ന ആശയം രൂപപ്പെടുത്തിയത്?**

പരമ്പരാഗതമായ ഇന്ത്യൻ തുണിത്തരങ്ങൾ വീണ്ടും കണ്ടെത്തുന്നതിനും പുന:സ്ഥാപിക്കുന്നതിനുമുള്ള ഋതു കുമാറിന്റെ അഭിനിവേശം 50 വർഷം മുമ്പ് ബ്രാൻഡിന്റെ തുടക്കം മുതലുള്ളതാണ്. പരമ്പരാഗത ഇന്ത്യൻ തുണിത്തരങ്ങൾ, വാസ്തുവിദ്യ, രൂപകല്പനകൾ എന്നിവയുടെ സമകാലികമായ ഏറ്റെടുക്കൽ എന്ന നിലയിൽ 2020-ൽ സ്വന്തം പേര് ലേബലാക്കിയുള്ള ഋതു കുമാർ ഹോം ആരംഭിക്കുന്നതിലേക്ക് നയിച്ചു. ബെഡ് ലിനൻ, വാൾപേപ്പറുകൾ, ടേബിൾവെയർ, വീട്ടുപകരണങ്ങൾ എന്നിവയുടെ വിശാലമായ ശ്രേണി ഇവിടെ പ്രദർശിപ്പിക്കുന്നു. ഈ സീസണിലെ ശേഖരം ഒരാളുടെ വീടിന്റെ ഏറ്റവും സുഖപ്രദമായ ഭാഗങ്ങളെ അലങ്കരിക്കുന്നതിനായുള്ള വൈവിധ്യമാർന്നതും ആധുനികവുമായ ശേഖരം ഉൾക്കൊള്ളുന്നു, ഇവയെല്ലാം ഇന്ത്യൻ കരകൗശലവൈദഗ്ദ്ധ്യത്തിന്റെ ആഴം വിളിച്ചോതുന്നവയുമാണ്.

**ബ്രാൻഡിന്റെ ഐഡിയോളജി**

സ്വന്തം കഥ വെളിപ്പെടുത്താൻ ഇഷ്ടപ്പെടുന്ന വീടുകൾക്ക് ആനന്ദപ്രദമായ ആഡംബരം ഋതു കുമാർ ഹോം പ്രദാനം ചെയ്യുന്നു. ഒരു കൊയ്ത്തുകാലത്തിന്റെ ഓർമയുണർത്തി ഇത് നീണ്ട വേനൽക്കാല ദിനങ്ങളുടെ ഗൃഹാതുരത്വമുളവാക്കുന്നു. അത്യന്തം സുഖലോലുപമായ ശീതകാല രാത്രികളിൽ കൊൽക്കത്തയിലെ തെരുവുവീഥികളിലൂടെ അലഞ്ഞുതിരിഞ്ഞ് നിങ്ങളെ പ്രൗഢമായ വിക്ടോറിയ സ്മാരകത്തിലേക്ക് നയിക്കുന്നു. ഇപ്പോൾ കണ്ടെത്താൻ പ്രയാസമുള്ളതും എന്നാൽ പലരും കൊതിക്കുന്നതുമായ പ്രശാന്ത സുന്ദരമായ ഇടങ്ങളിൽ ചറപറാ പെയ്യുന്ന മഴക്കാലദിനങ്ങളെയും പ്രഭാതങ്ങളെയും ഇത് ഓർമിപ്പിക്കുന്നു.

**കൂട്ടുപ്രവർത്തനം**

പ്രീമിയം ഹോം ടെക്സ്റ്റൈൽസ്, ഫർണിഷിംഗ്സ് എന്നിവയുടെ പ്രമുഖ ബ്രാൻഡും വിതരണക്കാരുമായ എഫ് ആൻഡ് എഫ്, ഋതു കുമാറുമായുള്ള അവരുടെ പുതിയ ബന്ധം ഏറെ ഗുണപ്രദമാണെന്ന് വ്യക്തമാക്കുകയുണ്ടായി. ''ഫർണിഷിംഗ് ഫാബ്രിക്സ്, വാൾപേപ്പറുകൾ, ബെഡ്ഡിംഗ്, ക്രോക്കറി എന്നിവയുടെ ഒരു പുതിയ നിര അവതരിപ്പിക്കുന്നതിന് പ്രശസ്ത ഫാഷൻ ബ്രാൻഡായ ഋതു കുമാറുമായി സഹകരിച്ചു പ്രവർത്തിക്കാൻ സാധിക്കുന്നതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. രണ്ട് വർഷത്തിലേറെ നീണ്ട ചർച്ചകൾക്കും ആശയസംവേദനങ്ങൾക്കും സംവാദങ്ങൾക്കും ശേഷം, രണ്ട് ബ്രാൻഡുകളും ഒരുമിച്ച് കൈകോർക്കാനും ഹോം ഇന്റീരിയർ ഉല്പന്നങ്ങളുടെ ഉന്നതമായ ശ്രേണി നിർമിക്കുന്നതിനായി യോജിച്ചു പ്രവർത്തിക്കാനും തീരുമാനിച്ചു. ഋതു കുമാറിന്റെ വിശദാംശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ക്രിയേറ്റീവ് ഡിസൈൻ അവഗാഹവും എഫ് ആൻഡ് എഫിന്റെ ആഴത്തിലുള്ള സാങ്കേതിക ഉല്പന്ന പരിജ്ഞാനവും ഇന്ത്യയിലെ വിതരണരംഗത്തുള്ള വർഷങ്ങളുടെ പ്രവർത്തന പരിചയവും തമ്മിലുള്ള സംയോജനമാണ് ഇതിന്റെ അനന്തരഫലം. ഈ സഹകരണത്തോടെ, രണ്ട് ബ്രാൻഡുകളും പരമ്പരാഗത ഇന്ത്യൻ സൗന്ദര്യാത്മകത ആഘോഷിക്കാനും കൂടുതൽ താങ്ങാനാവുന്ന വിലയിൽ ആഡംബര ഇന്റീരിയറുകൾക്കായി പുതിയ വഴികൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു''.

ഋതു കുമാറിന്റെ വീക്ഷണത്തിൽ, എഫ് ആൻഡ് എഫുമായുള്ള സഹകരണം ബ്രാൻഡ് ഉപയോഗിക്കാത്ത ഉപഭോക്താക്കളിലേക്ക് എത്തിച്ചേരാനും ബെഡ്ഷീറ്റുകൾ, അപ്ഹോൾസ്റ്ററി മുതലായവ വാഗ്ദാനം ചെയ്യുന്നതിനിടയിൽ അതിന്റെ വിതരണ പരിധി വികസിപ്പിക്കാനും സഹായിക്കും.

**ഋതുകുമാർ ഹോം കളക്ഷൻസ്**

ഓരോ ശേഖരവും ഒരു തദ്ദേശീയ കലാരൂപത്തോടുള്ള ആദരസൂചകമാണ്, മിക്ക ശേഖരങ്ങളും വിവിധ പ്രദേശങ്ങളിൽ നിന്നുള്ളവയാണ്, അവയിൽ ചിലത് ഒരുമിച്ചു സംയോജിപ്പിച്ച് ഈ ശ്രേണിയെ കൂടുതൽ സമകാലികമാക്കുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത ഗുണനിലവാരമുള്ള ഇന്ത്യൻ തുണിത്തരങ്ങളിൽ നിന്ന് ഗവേഷണം നടത്തി പുനർനിർമിച്ച ഋതു കുമാർ ഹോം ശേഖരം നിരവധി വിഭാഗങ്ങളിൽ പെടുന്ന തുണിത്തരങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുന്നു. നവാബുമാരുടെ നഗരമായ കാശ്മീരിൽ നിന്നുള്ള തനതു ജമാവർ ഷാൾ, ലഖ്നൗവിൽ നിന്നുള്ള ഹവേലികളിലെ ജാലികൾ എന്നിവ മുതൽ മസൂലിപട്ടണത്തെ അതിമനോഹരമായ കരകൗശല വസ്തുക്കളും നൈസർഗികമായ വെജിറ്റബിൾ കളറുകൾ ഉപയോഗിച്ച് അച്ചടിച്ച കലംകാരികളും – ശൈലീകൃതമായ സസ്യങ്ങളുടെയും മൃഗങ്ങളുടെയും രൂപഭാവങ്ങളിൽ നിർമിക്കുന്ന ഒരിക്കലും പുതുമ നശിക്കാത്ത ഒരു കരകൗശലം – വരെ ശേഖരത്തിലുണ്ട്. രാജസ്ഥാനിലെ സംഗനേർ, ബഗ്രു സ്കൂൾ എന്നിവിടങ്ങളിൽ നിന്നുള്ള ശേഖരത്തെക്കുറിച്ച് വളരെയധികം ഗവേഷണം ചെയ്യുകയും അവ പുനർനിർമിക്കുകയും ചെയ്തിട്ടുണ്ട്.

ഋതു കുമാർ ഹോം അതിന്റെ ഇഴയടുപ്പവും നിറങ്ങളും കൊണ്ട് ഒരു ഇന്ദ്രിയാനുഭൂതി പകരുന്നു; വിവിധ ടോണുകളിലുള്ള വെളുത്ത കളിമൺ പാത്ര കഷ്ണങ്ങൾ, ജമന്തി മഞ്ഞ, ഡസ്റ്റി റോസ്, മെഹന്തി തുടങ്ങി മീനാകാരി ജ്വല്ലറി ടോണുകൾ വരെ. നിറങ്ങൾ തന്നെ ഗ്രാമീണവും ജൈവികവും ആണ്, കൂടാതെ പച്ചക്കറിച്ചായം പൂശിയ അടിത്തറയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതുമാണ്.

എഫ് ആൻഡ് എഫുമായി സഹകരിച്ച് എച്ച് ജി എച്ച് ഇന്ത്യ 2022-ൽ ഋതു കുമാർ ഹോം പുറത്തിറക്കുന്ന ഉത്തമ കളക്ഷൻ സന്ദർശകരെ മുഗൾ ചേംബറുകളിലേക്കും അലങ്കരിച്ച തുണിത്തരങ്ങളും എംബ്രോയ്ഡറി ചെയ്ത ചണത്തുണികളും ധരിച്ച ടെന്റുകളിലേക്കും തിരികെ കൊണ്ടുപോകുന്നു. പൂക്കളുടെ മനോഹാരിതയും എംബ്രോയ്ഡറിയും ചിത്രീകരിക്കുന്ന ബെഡ് ലിനനുകൾ, ക്വിറ്റുകൾ, കുഷ്യനുകൾ എന്നിവ മുഗൾ സൗന്ദര്യശാസ്ത്രത്തിൽ നിന്നും പ്രിന്റുകൾ തടയുന്നതിനുള്ള അവരുടെ നൂറ്റാണ്ടുകൾ പഴക്കമുള്ള സംരക്ഷണത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടതാണ്. പട്ട്, വോയിൽ, ഇഴയടുപ്പമുള്ള പരുത്തി തുടങ്ങിയ കമ്പിളി കോട്ടൺ മിശ്രിതങ്ങളിൽ കരകൗശലം ചെയ്ത ആഡംബരത്തിന്റെയും സുഖസൗകര്യങ്ങളുടെയും നേർചിത്രം കൂടിയാണ് ഈ ശേഖരം.

ക്രോക്കറി, ബെഡ്ഡിംഗ്, കുഷ്യൻസ്, ടേബിൾ ലിനൻ തുടങ്ങിയ ഉല്പന്ന വിഭാഗങ്ങളിൽ ഡിസൈനുകളും നിറങ്ങളും തടസ്സമില്ലാതെ ഒഴുകുമ്പോൾ, ഒരാൾക്ക് വളരെ താങ്ങാവുന്ന വിലയിൽ ഏകോപിപ്പിച്ച മുഴുവൻ ശേഖരമോ വ്യക്തിഗത ഇനങ്ങളോ ഋതു കുമാർ പോലുള്ള ഡിസൈനർ ലേബലിനു വേണ്ടി തിരഞ്ഞെടുക്കാം എന്നതാണ് ഉത്തമ കളക്ഷന്റെ യഥാർത്ഥ ഭംഗി. പുരോഗമനകാംക്ഷികളായ ചില്ലറ വ്യാപാരികൾക്ക് അവരുടെ സ്റ്റോറുകൾ ഒരു ഡിസൈനർ യുഗത്തിലേക്കായി നവീകരിക്കാനുള്ള വലിയ അവസരമാണിത്.

**ഋതു കുമാർ**

## ഇന്ത്യൻ ഫാഷന്റെ പ്രാരംഭക



1960-കളിൽ ലേഡി ഇർവിൻ കോളേജിലെ ഒരു ആർട്ട് ഹിസ്റ്ററി വിദ്യാർത്ഥിയായിട്ടാണ് ഋതു കുമാർ തന്റെ യാത്ര ആരംഭിച്ചത്. പശ്ചിമ ബംഗാളിലെ ഒരു ചെറിയ ഗ്രാമമായ കൽക്കട്ടയിൽ മ്യൂസിയോളജി പഠിച്ചുകൊണ്ടിരിക്കെ സിംഗപ്പൂർ സന്ദർശിക്കാനിടയായി. അവിടെയായിരിക്കുമ്പോൾ, ഹാൻഡ് ബ്ലോക്ക് പ്രിന്ററുകളുടെ പ്രവർത്തനരഹിതമായ ഒരു ചെറിയ കോളനി അവർ കണ്ടെത്തി. പ്രിന്ററുകൾ പ്രവർത്തനസജ്ജമാക്കിക്കൊണ്ട് ഡിസൈനുകൾ തയ്യാറാക്കി നൽകുന്ന ഒരു ചെറിയ സംരംഭം അവർ ആരംഭിച്ചു. ഈ പരിശ്രമത്തിന്റെ ഫലം മനോഹരമായ ഹാൻഡ്-ബ്ലോക്ക് പ്രിന്റഡ് സാരികൾ ആയിരുന്നു. കൊൽക്കത്തയിലെ രണ്ട് പ്രദർശനങ്ങൾക്ക് ശേഷം, അവരുടെ ഡിസൈനുകൾ ഇന്ത്യയിലും അന്തർദേശീയ തലത്തിലും ജനപ്രീതി നേടുന്നതിന് അധികനാൾ വേണ്ടി വന്നില്ല.

1990-കളിലെ ഉദാരവത്കരണ കാലഘട്ടത്തിൽ ഇന്ത്യ അതിന്റെ സമ്പദ്‌വ്യവസ്ഥ ലോകത്തിന് തുറന്നുകൊടുത്തപ്പോൾ, മിസ് ഇന്ത്യ വിജയികളുടെ ഔദ്യോഗിക ഡിസൈനറായി ഋതു കുമാർ രംഗത്തെത്തി. അന്താരാഷ്ട്ര സൗന്ദര്യ, ഫാഷൻ വേദികളിലേക്കുള്ള ഇന്ത്യയുടെ കടന്നുവരവ് ഉറപ്പിച്ച ഒരു പ്രധാന വഴിയായിരുന്നു ഇത്.

ഇന്ത്യയിലെ ഏറ്റവും വലിയതും വളരെയേറെ ബഹുമാനിക്കപ്പെടുന്നതുമായ ഡിസൈനർ ആയി ആഗോളതലത്തിൽ അംഗീകാരം കരസ്ഥമാക്കിയ ഋതു കുമാർ, 2013-ൽ ഫാഷൻ, ടെക്സ്റ്റൈൽ, ക്രാഫ്റ്റ്മാൻഷിപ്പ് എന്നീ മേഖലകളിലെ അസാധാരണവും വിശിഷ്ടവുമായ സേവനത്തിന് ഇന്ത്യയുടെ നാലാമത്തെ ഉയർന്ന സിവിലിയൻ ബഹുമതിയായ പത്മശ്രീയുടെ അഭിമാനകരമായ സ്വീകർത്താവായി മാറി. 2008-ൽ അവർക്ക് സമ്മാനിക്കപ്പെട്ട ഷെവലിയർ ഡെസ് ആർട്സ് എറ്റ് ഡെസ് ലെട്രസിന്റെ അഭിമാനകരമായ ഫ്രഞ്ച് സർക്കാർ ബഹുമതിയാണ് മറ്റൊരു വിശിഷ്ട പുരസ്കാരം. ഋതു കുമാർ ഇപ്പോൾ ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന ഒരു ബിസിനസ് സാമ്രാജ്യം കെട്ടിപ്പടുത്തിരിക്കുന്നു. തന്റെ സ്വകാര്യ നിമിഷങ്ങളിൽ ഉത്സുകയായ ഒരു ചിത്രകാരിയായ ഋതു കുമാർ തന്റെ ശേഖരങ്ങൾക്ക് പ്രചോദനം നൽകുന്ന ടെക്സ്റ്റൈൽ ചരിത്രങ്ങൾ കണ്ടെത്തുന്നതിനായി യാത്രകൾ ചെയ്യുന്നത് ആസ്വദിക്കുന്നു.

**കിച്ചൺവെയർ | ടേബിൾവെയർ | ഡെക്കറേറ്റീവ് ആക്സസറീസ്**

# സുനീത് വർമയും റൂമേഴ്സും ഹോം സ്പേസിൽ ഒരുമിക്കുന്നു

പതിറ്റാണ്ടുകളായി തുണിത്തരങ്ങളുമായും എംബ്രോയ്ഡറികളുമായും പ്രവർത്തിക്കുന്നത് മുതൽ ഇപ്പോൾ ആധുനിക ഹോം ടെക്സ്റ്റൈൽസ് സൃഷ്ടിക്കുന്നത് വരെ, സുനീത് വർമയുടെ ഡിസൈൻ തത്ത്വശാസ്ത്രം പൂർണത പ്രാപിച്ചിരിക്കുന്നു. ''നല്ല ഡിസൈൻ സാർവത്രികവും സമയത്തിനതീതവുമാണ്,'' എച്ച് ജി എച്ച് ഇന്ത്യ ടീമിന് നൽകിയ പ്രത്യേക അഭിമുഖത്തിൽ അദ്ദേഹം പറയുന്നു. തന്റെ ഹോം സ്പേസിലേക്കുള്ള പ്രവേശനത്തെക്കുറിച്ചും മുൻനിര ഫർണിഷിംഗ് ബ്രാൻഡായ റൂമേഴ്സും, റൂമേഴ്സുമായി സഹകരിച്ചുകൊണ്ടുള്ള തന്റെ ഡിസൈനർ കളക്ഷന്റെ ലോഞ്ച് പ്ലാറ്റ്ഫോമായ എച്ച് ജി എച്ച് ഇന്ത്യയുമായുള്ള പുതിയ കൂട്ടുകെട്ടിനെക്കുറിച്ചുമുള്ള തന്റെ കാഴ്ചപ്പാടുകൾ ഈ അഭിമുഖത്തിൽ സുനീത് വർമ പങ്കുവയ്ക്കുന്നു. അഭിമുഖത്തിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ:





**ഹോം സ്പേസിലേക്കുള്ള കടന്നുവരവിനെപ്പറ്റി?**

ഇന്റീരിയറുകളിൽ ഞാൻ എപ്പോഴും വളരെ ആവേശഭരിതനായിരുന്നു, തീർച്ചയായും എന്റെ ആദ്യ പ്രണയം മനോഹരമായ തുണിത്തരങ്ങളോടായിരുന്നു. ഞാൻ ഹോം സ്പേസിലേക്ക് കടന്നുവരാനുള്ള കാരണവും അതുതന്നെയാണ്. അതിനാൽ, മനോഹരമായ തുണിത്തരങ്ങളോടും കൗതുകകരമായ ഇടങ്ങളോടുമുള്ള എന്റെ ഇഷ്ടം കൂടിച്ചേർന്നാൽ, അത് എനിക്ക് ഒരു പുതിയ സംരംഭമാണ്, അത് വളരെ ആവേശകരവുമാണ്.

**റൂമേഴ്സ് ടീമുമായുള്ള പങ്കാളിത്തം?**

അസെന്റ് ഡികൊറുമായി സഹകരിക്കുന്നതിൽ എനിക്ക് അതിയായ ആവേശമുണ്ട്, കാരണം അവർ വളരെ പുരോഗമന ചിന്താഗതിക്കാരും പ്രൊഫഷണലുകളുമാണ്, ഇന്ത്യയിലും അന്തർദ്ദേശീയ തലത്തിലും വളരെ വിപുലമായി വ്യാപിച്ചിട്ടുണ്ട്, അവരോടൊപ്പം പ്രവർത്തിക്കുന്നത് ഞാൻ ശരിക്കും ആസ്വദിക്കുന്നു – വളരെ ആവേശകരമായ ഒരു യുവ ടീമുമായാണ് ഞങ്ങളുടെ സഹകരണം.

**എച്ച് ജി എച്ച് ഇന്ത്യയിലെ പങ്കാളിത്തം?**

രാജ്യത്തെ ഏറ്റവും മികച്ച ടെക്സ്റ്റൈൽ മേളകളിലൊന്നാണ് എച്ച് ജി എച്ച് ഇന്ത്യ, അതിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ എനിക്ക് വളരെ ആവേശവും അഭിമാനവുമുണ്ട്. ഉപഭോക്തൃ രൂപരേഖയുടെ കാര്യത്തിൽ, ആയിരക്കണക്കിന് ആളുകൾ സന്ദർശിക്കുന്നു – മുൻനിര റീട്ടെയ്‌ലർമാർ തുടങ്ങി... ചെറിയ നഗരങ്ങളിൽ നിന്നുള്ള ആളുകൾ വരെ... മികച്ച കേന്ദ്രീകൃത സ്റ്റോറുകളും മൊത്തക്കച്ചവടക്കാരും വരെ. ഈ മേളയിലൂടെ നിങ്ങൾക്ക് എത്തിച്ചേരാൻ കഴിയുന്ന വൈവിധ്യമാർന്ന ആളുകളുണ്ട്, ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ സഹകരണം ആരംഭിക്കുന്നതിന് തികച്ചും അനുയോജ്യമായ വേദിയാണിത്.

**നിങ്ങളുടെ ഈ നവീന മാർഗത്തിൽ നിന്നും റൂമേഴ്സുമായുള്ള സഹകരണത്തിൽ നിന്നും ഇടപാടുകാർക്ക് എന്ത് പ്രതീക്ഷിക്കാം?**

എന്നും എപ്പോഴും റൂമേഴ്സിന്റെ ഹോം ഫർണിഷിംഗ് ശേഖരം വളരെ ആഡംബരപ്രദവും ട്രൗസോ ആൻഡ് ബ്രൈഡൽ ഇടപാടുകാരെ ലക്ഷ്യം വച്ചുള്ളതുമാണ്. ഇത് ഫ്രഞ്ച് ബറോക്ക് കാലഘട്ടത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതും ഏറ്റവും പുതിയ ഫാഷനിലുള്ളവയുമാണ്. കൂടാതെ നെയ്ത്ത്, പാറ്റേൺ, അലങ്കരണം എന്നിവയിൽ മികച്ചതുമാണ്. കളർ പാലറ്റ് മൃദുവും കൂടുതൽ ഉദിപ്പില്ലാത്തതും പുരാതനവുമാണ്. അതിന്റെ കാലാതീതമായ ആകർഷണത്തിൽ നിന്നും കാല്പനികതയിൽ നിന്നും അത് ശാശ്വതമായ അനുഭൂതി പ്രദാനം ചെയ്യുന്നു.

**റൂമേഴ്സിനുവേണ്ടി സുനീത് വർമയുടെ തട്ടകം**

ഒരു നഗര ഭവനത്തിലെ ശേഖരം ജീവിതത്തിന്റെ 5 ഘടകങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുന്നു. പ്രകൃതിദത്ത തുണിത്തരങ്ങൾ, നിർമലമായ ജീവിതം, സമകാലിക സൗന്ദര്യശാസ്ത്രം. ഒരു വർണ പാലറ്റ് പ്രകൃതിയിൽ നിന്നും 5 മൂലകങ്ങളുടെ സ്വാഭാവിക രൂപങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊള്ളുന്നു. പാറ്റേണുകൾ, ടെക്സ്ചർ, എംബ്രോയ്ഡറികൾ എന്നിവ ഈ രൂപങ്ങളെ സമ്പൂർണമാക്കുന്നു.

**ഭാവിപദ്ധതികളും ദീർഘകാല ലക്ഷ്യങ്ങളും**

ടെക്സ്റ്റൈൽസിനു വേണ്ടി മാത്രമല്ല, കുഷ്യൻ കവറുകൾ, അപ്ഹോൾസ്റ്ററി, ഡ്രാപ്പറി എന്നിവയ്ക്കായും അസെന്റ് ഡികൊറുമായി ചേർന്ന് ഒരു മികച്ച ബ്രാൻഡ് സൃഷ്ടിക്കുക എന്നതാണ് ഭാവി പദ്ധതി. നിങ്ങൾക്ക് വളരാൻ കഴിയുന്ന അനന്തമായ ഇടമാണിത്. ഭാവിയിൽ ഇന്ത്യയ്ക്കകത്തും അന്തർദേശീയമായും സ്വന്തം പ്രഭാവം വെളിപ്പെടുത്താനും അതിൽ സ്വന്തം ഇരിപ്പിടം ഉറപ്പിക്കാനും അതിശയകരമായ ബിസിനസ്സുകൾ നടത്താനും കഴിയും.

## സുനീത് വർമ: ഡിസൈനിംഗിനോടുള്ള അഭിനിവേശം

രമണീയതയും കാലാതീതമായ ശൈലിയും അനശ്വരമാക്കുന്ന പേരാണ് ഇന്ത്യയിലെ മുൻനിര ഫാഷൻ ഡിസൈനർമാരിൽ ഒരാളായ സുനീത് വർമയുടേത്. 1986-ൽ യൂറോപ്പിൽ നിന്ന് ബിരുദം നേടിയ ശേഷം, പ്രശസ്ത ലക്ഷ്വറി ഫാഷൻ ഹൗസായ യെവ്സ് സെന്റ് ലോറന്റിനൊപ്പം സേവനമനുഷ്ഠിക്കാനായി അദ്ദേഹം പാരീസിലേക്ക് പോയി. സൂക്ഷ്മമായ കരകൗശല നൈപുണ്യം, ദൃഢമായ ഡിസൈൻ ഗ്രഹണശക്തി, തയ്യൽ തൊഴിലിനെ സംബന്ധിച്ച ഗവേഷണത്തോടുള്ള അചഞ്ചലമായ സ്നേഹം എന്നിവയാൽ വർമ ബ്രാൻഡ് ഇന്നത്തെ വനിതകൾക്കായി ഫാന്റസി, സെക്സി പരിഷ്കൃതി, നിർമലമായ സ്ത്രീത്വം എന്നിവ പ്രകടമാക്കുന്നു.

ചില ശക്തമായ അന്താരാഷ്ട്ര ബ്രാൻഡുകളുമായുള്ള സഹവാസം അദ്ദേഹത്തെ ഒരു ഏകമാന പ്രൊഫൈലിനപ്പുറം വിശിഷ്ട ഗുണങ്ങളുള്ള ഒരു ഡിസൈനർ കൂടി ആക്കുന്നു. ബിജ്യൂവൽഡ് ഹാൻഡ്ബാഗുകളുടെ ലോകത്തിലെ ഏറ്റവും പ്രശസ്തിയുള്ള ആഡംബര ബ്രാൻഡായ ജൂഡിത്ത് ലീബറിന്റെ ഏക അന്താരാഷ്ട്ര ഡിസൈനറായ സുനീത് ലോകമെമ്പാടും മികച്ച വിജയവും അഭിനന്ദനവും നേടിയിട്ടുണ്ട്. ലോസ് ഏഞ്ചൽസ്, മിയാമി, പാരീസ്, ടോക്കിയോ എന്നിവിടങ്ങളിലെ ജൂഡിത്ത് ലീബർ ബോട്ടിക്കുകളിലും ലണ്ടനിലെ ഹാരോഡ്സ്, ന്യൂയോർക്കിലെ ബെർഗ് ഡോർഫ് ഗുഡ്മാൻ എന്നിവയിലും 'സുനീത് വർമ ഫോർ ജൂഡിത്ത് ലീബർ' ആകർഷണീയമായതും ഹാൻഡിലും സ്ട്രാപ്പും ഇല്ലാത്തതുമായ ഹാൻഡ് ബാഗുകൾ ഇപ്പോൾ ലോകമെമ്പാടും റീട്ടെയിൽ ചെയ്യുന്നു. എല്ലാ സീസണിലും, പാരീസിലെ വാൻഡോം മേളയിൽ അദ്ദേഹത്തിന്റെ ശേഖരം പ്രദർശിപ്പിക്കുന്നു. സെക്സ് ആൻഡ് ദി സിറ്റി താരം സാറാ ജെസീക്ക പാർക്കറും ഹോളിവുഡ് ദിവാസ് മരിയ കാരിയും ജെനിഫർ ലോപ്പസും അദ്ദേഹത്തിന്റെ ഒപ്പുള്ള ബാഗുകൾ ഉപയോഗിക്കുന്നു. ഐശ്വര്യ റായ്, പ്രിയങ്ക ചോപ്ര, കങ്കണ റണാവത്ത്, പ്രീതി സിന്റ തുടങ്ങിയ ബോളിവുഡിലെ മുൻനിര താരങ്ങൾക്കിടയിലടക്കം



അദ്ദേഹത്തിന്റെ ഡിസൈനുകൾ വളരെ പ്രിയങ്കരമാണ്. കൂടാതെ അന്താരാഷ്ട്രതലത്തിലെയും ഇന്ത്യയിലെയും റെഡ് കാർപെറ്റുകളിൽ അവ അവതരിപ്പിക്കപ്പെടുന്നു.

2007 മുതൽ ഇന്നുവരെ ബി എം ഡബ്ല്യൂ മോട്ടോഴ്സുമായി സഹകരിച്ചുവരുന്ന സുനീത് എല്ലാ ബി എം ഡബ്ല്യൂ ഇവന്റുകൾ, കാർ ലോഞ്ചുകൾ, ബി എം ഡബ്ല്യൂ ഫൗണ്ടേഷൻ പ്രോജക്ടുകൾ എന്നിവയ്ക്ക് ആതിഥ്യമരുളുന്നു. 'ഫാഷൻ അപ്രീസിയേഷൻ' സായാഹ്നങ്ങളുടെ ഒരു പുതിയ തലം എന്ന ആശയം രൂപപ്പെടുത്തിയ അദ്ദേഹം നിലവിൽ ബിഎം ഡബ്ല്യൂവിനൊപ്പം ഇന്ത്യയിൽ 15-നഗര പര്യടനത്തിലാണ്, ബ്രാൻഡിനായി പുതിയ ആശയങ്ങൾ വികസിപ്പിക്കുന്നത് തുടരുകയും ചെയ്യുന്നു. കഴിഞ്ഞ ഒരു ദശാബ്ദത്തോളം, സുനീത് വർമ ഇന്റർനാഷണൽ ഡിസൈനർമാരോടൊപ്പം വസ്ത്രങ്ങളിലും ഇന്റീരിയർ പ്രോജക്റ്റുകളിലുമുള്ള സ്വരോവ്സ്കി ജോലികളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിട്ടുണ്ട്. ഡൽഹിയിലും മുംബൈയിലും മാത്രമായി ചില്ലറ വില്പന നടത്തുന്ന സുനീത് വർമയുടെ ശേഖരങ്ങൾ ഡൽഹി, മുംബൈ, ദുബായ്, ചെന്നൈ, ബാംഗ്ലൂർ, ചണ്ഡീഗഢ് എന്നിവിടങ്ങളിലെ വിവിധ മൾട്ടി-ഡിസൈനർ സ്റ്റോറുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ദാവോസിലെ ബിസിനസ്സ് സമൂഹത്തിന് തന്റെ ശേഖരം പ്രദർശിപ്പിക്കാൻ വേൾഡ് ഇക്കണോമിക് ഫോറത്തിലേക്ക് അദ്ദേഹം ക്ഷണിക്കപ്പെട്ടിരുന്നു.

ഇന്ത്യയിലും ലോകമെമ്പാടും നടത്തിയിട്ടുള്ള വിലമതിക്കാനാവാത്ത പ്രവർത്തനത്തിന് പ്രശംസയേറ്റുവാങ്ങിയിട്ടുള്ള സുനീത്, എൻ വൈ സിയിലെ ബോളിവുഡ് ഫാഷൻ കൗൺസിലിന്റെ ഡിസൈനർ ഓഫ് ദി ഇയർ അവാർഡ് നിരവധി തവണ നേടിയിട്ടുണ്ട്. ഒരു കൺസൾട്ടന്റ് ഡിസൈനർ എന്ന നിലയിൽ, ഡോണ കരൺ, കാൽവിൻ ക്ലിയൻ, കരോലിന ഹെരേര, നിക്കോൾ മില്ലർ എന്നിങ്ങനെ യൂറോപ്പിലും യു എസ് എയിലുമുള്ള ഡിസൈൻ ഹൗസുകൾക്കു വേണ്ടിയും സുനീത് ഡിസൈനുകൾ വികസിപ്പിച്ചിട്ടുണ്ട്. അദ്ദേഹം സൃഷ്ടിച്ച ബാഗുകളും സ്കാർഫുകളും പോലുള്ള ആക്സസറികൾ എൻ വൈ സിയിലും രാജ്യത്തുടനീളവുമുള്ള മെട്രോപൊളിറ്റൻ മ്യൂസിയം ഗിഫ്റ്റ് ഷോപ്പുകളിൽ വിൽക്കുന്നു.

2005-ൽ ഫാഷൻ വീക്കുകളിൽ തന്റെ ശേഖരങ്ങൾ പ്രദർശിപ്പിക്കുന്നതിനായി അദ്ദേഹം മിലാനിലേക്കും റോമിലേക്കും ക്ഷണിക്കപ്പെട്ടു. ലണ്ടൻ, പാരീസ്, ന്യൂയോർക്ക്, ഹോങ്കോംഗ്, ഇന്തോനേഷ്യ, ബെർലിൻ, ലോസ് ഏഞ്ചൽസ് എന്നിവിടങ്ങളിലും അദ്ദേഹം പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്. ടെക്സ്റ്റൈൽ മേഖലയുമായി സഹകരിച്ച് പ്രവർത്തിക്കാനും ബനാറസിലെയും ദക്ഷിണേന്ത്യയിലെയും കൈത്തറിമേഖലയെ പുനരുജ്ജീവിപ്പിക്കാനും സുനീതിനെ ഭാരത സർക്കാർ നിരവധി തവണ നിയോഗിച്ചിട്ടുണ്ട്.

രജിസ്ട്രേഷന്: www.hghindia.com മുംബൈ: ടെലിഫോൺ: +91 (22) 2421 4111, ഡൽഹി: ടെലിഫോൺ: +91 (11) 2571 4111 Email: visitors@hghindia.com